**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1037** **25.01.2018-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾക്കായി പദ്ധതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി "ആവാസ്" നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായ രജിസ്ട്രേഷൻ 2017 നവംബർ ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷവും 50 ലക്ഷം രൂപ അനുവദിക്കുകയും വിവിധ ജില്ലകളിലായി മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ.